**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

02/05/2017 – ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1259

**കുടുംബശ്രീ പദ്ധതികൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ടി.എ.അഹമ്മദ് കബീർ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണ്; | (എ) വിവിധ പദ്ധതികളെക്കുറിച്ചും സാമൂഹ്യ പ്രതിബദ്ധതയുള്ള വിഷയങ്ങളെക്കുറിച്ചും അയൽക്കൂട്ടങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ സ്കൂൾ, മൂന്നു ജില്ലകളിൽ കമ്മ്യൂണിറ്റി റേഡിയോ, അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങളും അയൽക്കൂട്ട യോഗങ്ങളുടെ വിവരങ്ങളും മോണിറ്ററിംഗ് നടത്തുന്നതിന്റെ ഭാഗമായി അയൽക്കൂട്ട ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം, വായ്പാ റിക്കവറി നേരിടുന്ന സംരംഭങ്ങളുടെ പുനഃരുദ്ധാരണ പാക്കേജ്, കുടുംബശ്രീ ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനായി 14 ജില്ലകളിലും കുടുംബശ്രീ ബസാറുകൾ, കുടുംബശ്രീ ഉത്പന്നങ്ങൾ ഉപഭോക്താക്കളിൽ നേരിട്ട് എത്തിക്കുന്നതിനായി സ്വകാര്യ സംരംഭകരുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം, കുടുംബശ്രീ സംരംഭങ്ങൾക്ക് മൂലധന സബ്സിഡിക്കു പകരമായി പലിശ സബ്സിഡി, എല്ലാ ജില്ലയിലും കുടുംബശ്രീ ഹോം ഷോപ്പ് വിപണന ശൃംഖല, റെയിൽവേയും കേരള ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി സഹകരിച്ച് വാഹന പാർക്കിംഗ്, വാഹനങ്ങളുടെ ക്ലീനിംഗ്, ശീതീകരിച്ച വിശ്രമമുറികളുടെ പരിപാലനം, ഭക്ഷണശാലകൾ, ഉത്പന്ന കിയോസ്ക്കുകൾ, ടിക്കറ്റ് റിസർവ്വേഷൻ കൗണ്ടറുകൾ, കയർഫെഡുമായി സഹകരിച്ച് 30 ചകിരി നിർമ്മാണ യൂണിറ്റുകൾ, കൊല്ലം, പുനലൂർ, പിറവം, കൽപ്പറ്റ നഗരസഭകളിൽ അഭയകേന്ദ്രങ്ങളുടെ നിർമ്മാണം, മാതാപിതാക്കൾ നഷ്ടപ്പെട്ട, നോക്കാൻ ആളില്ലാത്ത, മാനസികവൈകല്യം ബാധിച്ചവരുടെ സംരക്ഷണം ലക്ഷ്യമാക്കി ജില്ലാതലത്തിൽ ബഡ്സ് ഹോമുകൾ, വയനാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ പി.എസ്.സി കോച്ചിംഗ് സെന്ററുകൾ, കാർഷിക പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി 3500 വനിതാ മാസ്റ്റർ ഫാർമേഴ്സിനെയും 600 ജെ.എൽ.ജി ഇവാല്യുവേഷൻ ഏജന്റിനെയും ഫീൽഡ് തലത്തിൽ രൂപീകരിക്കുക, ഡിഡിയുജികെവൈ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും മൈഗ്രേഷൻ സപ്പോർട്ട് സെന്റർ എന്നിവ കുടുംബശ്രീ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികളാണ്. |

| | | | |
|---|---|---|---|
| (ബി) | നൂതനവും വ്യത്യസ്തവും ജനശ്രദ്ധ പിടിച്ചു പറ്റുന്നതുമായ പദ്ധതികൾ രൂപീകരിക്കുന്നതിന് കുടുംബശ്രീ പരാജയപ്പെട്ടു എന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരത്തിൽ പുത്തൻ ആശയങ്ങൾ ഉൾക്കൊണ്ട് നവീനവും ഉപയോഗ പ്രദവുമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നിലവിലെ ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിനോടൊപ്പം അനുഭവ സമ്പത്ത് ഉള്ളവരുടെ സഹായങ്ങളും പ്രയോജനപ്പെടുത്തുവാൻ കുടുംബശ്രീ തയ്യാറാകുമോ? | (സി) | നിലവിലെ ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിനോടൊപ്പം കുടുംബശ്രീ സ്കൂളിന്റെ ഭാഗമായി റിട്ടയേഡ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ എന്നിവരെ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു വോളന്ററി റിസോഴ്സ് ഗ്രൂപ്പിനെ സിഡിഎസ്സ് തലത്തിൽ സജ്ജമാക്കുന്നു. |

സെക്ഷൻ ഓഫീസർ